## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3474 | 18.02.2013-ൽ മറുപടിയ്ക്ക്

### ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ; | (എ) 2002-ലെ ജൈവ വൈവിദ്ധ്യ നിയമം, കേരള ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ-2008 എന്നിവ പ്രകാരം ജൈവവൈവിദ്ധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, അവയുടെ നീതിപൂർവ്വമായ പങ്കുവയ്ക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, ആവാസ വ്യവസ്ഥകളുടെ പരിപാലനം, ജൈവവൈവിദ്ധ്യ സംബന്ധമായ അറിവുകളുടെ കാലാനുസൃതമായ വിവരശേഖരണം തുടങ്ങിയവയ്ക്കായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജൈവവൈവിദ്ധ്യ പരിപാലന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ മേൽനോട്ടത്തിൽ തദ്ദേശീയമായ ജൈവവൈവിദ്ധ്യങ്ങളുടെ ലഭ്യത, തത്സംബന്ധമായ അറിവുകൾ, ജൈവ വിഭവങ്ങളുടെ ഔഷധ ഗുണങ്ങൾ, ഉപയോഗം അവയുമായി ബന്ധപ്പെട്ട നാട്ടറിവുകൾ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; | (സി) | 498 ഗ്രാമപഞ്ചായത്തുകളിൽ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | രജിസ്റ്റർ തയ്യാറാക്കാത്ത പഞ്ചായത്തുകളിൽ സമയബന്ധിതമായി ഇവ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ